# NuMATS ഉപജില്ലാതല പരീക്ഷ 2017-2018

## മാതൃകാ ചോദ്യപേപ്പർ – 3

### ഭാഗം: എ


### ക്വിസ്

**സമയം: 30 മിനിട്ട്**

**സ്കോർ – 10**

**നിർദ്ദേശങ്ങൾ:**

- **ഓരോ ചോദ്യത്തിന്റെയും ഉത്തരം കുട്ടികൾ കടലാസിൽ എഴുതണം. ഈ കടലാസ് വാങ്ങി വയ്ക്കണം.**
- **ഓരോ കുട്ടിക്കും കിട്ടിയ ആകെ സ്കോർ ബോർഡിൽ പ്രദർശിപ്പിക്കണം. (സ്ഥാനങ്ങൾ പ്രഖ്യാപിക്കേണ്ടതില്ല).**

1. ഒരു സംഖ്യയുടെ 50% ന്റെ 50%, 50 ആയാൽ സംഖ്യ ഏത്?
2. $884884 \div 884$ എത്ര?
3. 3.5 മീ. നീളമുള്ള ഒരു കമ്പിയിൽ നിന്നും 65 സെ.മീ. നീളമുള്ള ഒരു കഷണം മുറിച്ചുമാറ്റിയാൽ ശേഷിക്കുന്ന ഭാഗത്തിന്റെ നീളം എത്ര?
4. $\frac{1}{1000}$ -ന്റെ ദശാംശരൂപം ഏത്?
5. ഒരു സംഖ്യയുടെ 10 മടങ്ങിനോട് 10 കൂട്ടി 10 കൊണ്ട് ഹരിച്ചാൽ 10 കിട്ടും. എങ്കിൽ സംഖ്യ ഏത്?
6. ക്ലോക്കിൽ സമയം 5.30 ആകുമ്പോൾ മിനിട്ട് സൂചിയും മണിക്കൂർ സൂചിയും തമ്മിലുള്ള കോണളവ് എത്ര?
7. ദേശീയ ഗണിതശാസ്ത്രദിനം ഏത് ദിവസം?
8. 


ചിത്രത്തിൽ $\angle BCD = X$ ആയാൽ $\angle ACD$ എത്ര?

9. കാൽക്കുലേറ്ററിലെ അക്കങ്ങളുടെ ഗുണനഫലം എത്ര?
10. $\frac{1}{4}+\frac{1}{4}+\frac{1}{4}+\frac{1}{4}+\frac{1}{4} = 1 + x$ ആയാൽ x എത്ര?

### ഭാഗം: ബി

### കുറിപ്പ് തയാറാക്കുക

**സമയം: 30 മിനിട്ട്**

**സ്കോർ – 15**

**വിഷയം: ശരാശരിയുടെ ശരിയും തെറ്റും**

# ഭാഗം: സി

## പ്രായോഗിക പരീക്ഷ

ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക.


**സമയം: 30 മിനിട്ട്**

**സ്കോർ – 15**


**നിർദ്ദേശങ്ങൾ: (അദ്ധ്യാപകർക്ക്)**

- **ചോദ്യപേപ്പറിൽ കാണുന്ന ചിത്രത്തിൽ തന്നിരിക്കുന്ന അതേ അളവുകളിൽ ഒരു ചിത്രം കുട്ടികൾ വരയ്ക്കണം / നിർമ്മിക്കണം ഇതിനായി ചിത്രം എല്ലാ കുട്ടികളും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണം. ആവശ്യമെങ്കിൽ ചാർട്ട് വരച്ച് കാണിക്കണം.**
- **ചിത്രം വരയ്ക്കുന്നതിന് / നിർമ്മിക്കുന്നതിന് മുമ്പോ അതിന് ശേഷമോ വരയ്ക്കുന്ന രീതിയെക്കുറിച്ച് ഒരു വിശദീകരണ കുറിപ്പ് കുട്ടികൾ തയ്യാറാക്കണം. അതിനുള്ള നിർദേശം നൽകണം. ഇത് ഒരു കടലാസിൽ എഴുതി വാങ്ങണം.**
- **ചിത്രം വരയ്ക്കുന്നതിനും അളവുകൾ അളന്നെഴുതുന്നതിനും നിർദേശം നൽകണം.**

1. ക്ലോക്ക് വരയ്ക്കുന്നതിനുള്ള കുറിപ്പ് തയ്യാറാക്കി കോൺ അളന്നെഴുതുക.




2. $\angle AXC = \angle DXE$, $\angle AXE = 70^\circ$ മറ്റെല്ലാ കോണുകളുടെയും അളവുകൾ അളന്നെഴുതുക.




3. നിർമ്മിക്കൽ

   10 cm വശമുള്ള സമചതുരപ്പെട്ടി നിർമ്മിക്കുക.

   (സമചതുരപ്പെട്ടി കുട്ടികളെ കാണിക്കുന്നു. അത് തുറന്ന രൂപവും കാണിക്കുന്നു.)

# ഭാഗം: ഡി

## പ്രശ്നാപഗ്രഥന ചോദ്യങ്ങൾ

**സമയം: 30 മിനിട്ട്**

**സ്കോർ - 15**


**നിർദ്ദേശങ്ങൾ:**

- **ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്.**
- **കുട്ടി ഉത്തരത്തിലെത്തിച്ചേർന്ന വഴി ഉത്തര കടലാസിൽ എഴുതേണ്ടതാണ്.**
- **ഉത്തരത്തിലെത്തിച്ചേർന്ന ഓരോ ഘട്ടവും സൂക്ഷ്മമായി വിലയിരുത്തി സ്കോർ നൽകേണ്ടതാണ്.**

1. $10\frac{1}{2}$ കി. ഗ്രാം പഞ്ചസാര $\frac{2}{5}$ കി. ഗ്രാം വീതമുള്ള കവറുകളിലാക്കിയാൽ എത്ര കവർ വേണ്ടി വരും? ബാക്കി എത്ര കി. ഗ്രാം പഞ്ചസാരയുണ്ടാകും?

2. ഒരു ആശുപത്രിയിൽ 2 ഷിഫ്റ്റുകളിലായി 25 നഴ്സുമാർ ജോലി ചെയ്യുന്നു. രാവിലത്തെ ഷിഫ്റ്റിൽ 15 നേഴ്സുമാരും രാത്രി 10 പേരും രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യുന്നു. ആദ്യ ഷിഫ്റ്റിലെ 15 പേരെ പരിഗണിച്ചാൽ അവരുടെ ഒരാളുടെ ഒരു ദിവസത്തെ ശരാശരി വേതനം 600 രൂപയാണ്. എങ്കിൽ 15 പേരുടെ ആകെവേതനം എത്ര? രാത്രി ഷിഫ്റ്റിലെ ആളുകളുടെ ആകെ ശമ്പളം 10000 രൂപ ആയാൽ ശരാശരി ശമ്പളം എത്ര? 2 ഷിഫ്റ്റിലേയും കൂടി നഴ്സുമാരുടെ ശരാശരി ശമ്പളം എത്ര?

3.




$\angle POR = \angle QOS$ ആയാൽ $\angle ROS$ ന്റെ അളവെത്ര? $\angle QOT$ യുടെ അളവെത്ര? $\angle POT$ എത്ര? കാരണം എഴുതുക.

4. 225 നെ അഭാജ്യ ഘടകങ്ങളാക്കുക. 225 ന് എത്ര ഘടകങ്ങളുണ്ട്.